പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2724 — 18.06.2018 ൽ മറുപടിക്ക്

## മാവേലി എക്സ്പ്രസ്സിന് തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) മംഗലാപുരം -തിരുവനന്തപുരം മാവേലി എക്സ്പ്രസ്സിന് (ട്രെയിൻ നമ്പർ 16603) തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മലബാറിൽ നിന്ന് വരുന്ന രോഗികൾക്ക് ആർ.സി.സി.യിലും ശ്രീ ചിത്ര ഹോസ്പിറ്റലിലും പോകാൻ ഏറ്റവും ഉപകാരപ്പെടുന്നതിനാലും ഒന്നാം പ്ലാറ്റ്ഫോമിൽ തന്നെ ഇറങ്ങാൻ സൗകര്യം ഉള്ളതിനാലും മാവേലി എക്സ്പ്രസ്സിന് (ട്രെയിൻ നമ്പർ 16603) പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് അനുകൂല തീരുമാനം എടുപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളെ തുടർന്ന് ട്രെയിനുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കുന്നതു മൂലം ട്രെയിനുകളുടെ വേഗതയിൽ ഗണ്യമായ കുറവ് വരികയും, യാത്രാ സമയം വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ റെയിൽവേ പുതിയ സ്റ്റോപ്പുകൾ അനുവദിക്കുന്നില്ല. പേട്ട റെയിൽവേ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് റെയിൽവേക്ക് കത്ത് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ